# അമ്മാളുവിന്റെ അടുക്കളക്കിണർ

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

ബാർ എറ്റാച്ച്ഡ് ഹോട്ടലിന്
ലൈസെൻസ് കൊടുക്കുന്നതിന്
എത്രയോ മുമ്പ്;

മുനിസിപ്പാലിറ്റിയുടെ
വാട്ടർ വർക്സ് ഡിപാർട്ടുമെന്റ്
പൈപ്പിട്ട് വെള്ളമെത്തിക്കുന്നതിന്
എത്രയോ മുമ്പ്;

കുഴൽക്കിണറിൽ
വെള്ളം കാണുന്ന വരെ
കുഴിക്കുന്നതിനും
എത്രയോ മുമ്പ്,
അമ്മാളുവിന്റെ അടുക്കളയിൽ
ജലവിതരണത്തടാകമായി
തൊട്ടുചേർന്ന്
ആഴക്കിണറുണ്ടായിരുന്നു:

മായംചേർക്കാത്ത എണ്ണമയത്തിലും
പരുഷമായി പേശുന്ന
തുടിയുടെ തുടുതുടുപ്പിൽ
കരം കൊടുക്കേണ്ടാത്ത കുടിവെള്ളം
നേർത്ത ചൂടിയിൽ കെട്ടിപ്പിണഞ്ഞ
ഇയ്യംപൂശിയ പാട്ടയിൽ നിന്നും
കാപ്പിപ്പാത്രത്തിലെ കൊടുങ്കാറ്റിൽ
തളതളപ്പുള്ള തിളപ്പായി.

പുലർനാമജപം പരപ്പൻ നെറ്റിയിൽ
അമ്മാവൻ കളഭക്കുറി ചാർത്തുമ്പോൾ,
സന്ധ്യാനമസ്കാരം നിലവിളക്കിൽ
ഉറക്കം തൂങ്ങുന്ന കാറ്റാടിപോലെ
തിരിത്തെറുപ്പിൽ കരിമണമാകുമ്പോൾ,
കോൽവിളക്കിലെ അന്തിത്തിരി
എണ്ണയാചി,ച്ചെണ്ണിയെണ്ണി-
ക്കരിഞ്ഞുകരയുമ്പോൾ,
തലേനാൾക്കഥകൾ ഓർമ്മയണയാതെ
തേട്ടിവരുന്ന ഉണരുന്ന യാമത്തിൽ,
തേവിത്തിരിക്കുന്ന വെള്ളച്ചാലിനെ
അണകെട്ടി മരവേര് നനയ്ക്കുന്ന
മൂളിപ്പാട്ടിൽ നാടന്നീണം ഒഴുകുമ്പോൾ,
അരി തിളയ്ക്കാൻ വിയർപ്പു ചീറ്റുന്ന
നടനക്കുമിളകൾ ചീർത്തുചിന്നുമ്പോൾ,
അമ്മാളുവിന്റെ അടുക്കളവിഭവങ്ങൾ
തൂശനിലയുടെ തളിരറ്റം തൊട്ടുമടക്കുമ്പോൾ,
പാലക്കാടൻ ചുരംതാണ്ടുന്ന ചൂളംവിളിയിൽ
പരിചിത നാടൻകലയുടെ മുഖംമൂടിയിൽ
അലിഞ്ഞുചേർന്ന ഈരടി പതഞ്ഞുപൊന്തും:
“അമ്മായിമോളേ, ചെറുതേൻ കുഴമ്പേ
അമ്മാവനറിയാതെ ഒരു കാര്യമുണ്ടേ... ... ...”
*****************************************************************